ഭരണഭാഷ മാതൃഭാഷ

## കേരള സർക്കാർ ജലവിഭവ വകുപ്പ്

## പുനർദർഘാസ് പരസ്യം

നമ്പർ.ടി.ഡി.നം. 1 /2020-21 തിയതി :07/08/2020

കേരള ഗവർണ്ണർക്കു വേണ്ടി ഹൈഡ്രോളജി സബ് ഡിവിഷൻ, ഡെപ്യൂട്ടി ഡയരക്ടർ, തലശ്ശേരി, കൂത്തുപറമ്പ(പി.ഒ.) താഴെ പറയുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പുകളിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് പ്രവൃത്തിയുടെ പേർ ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച കവറുകളിൽ ക്ഷണിച്ചു കൊള്ളുന്നു. മുദ്ര വച്ച ദർഘാസുകൾ നിർദ്ദിഷ്ട തീയ്യതിക്കകം തപാൽ മുഖേന ലഭിക്കേണ്ടതാണ്.

| ക്രമ നമ്പർ | ദർഘാസ് നമ്പർ. | ടെണ്ടർ നമ്പരും പ്രവൃത്തിയുടെ പേരും, ഉദ്ദേശ അടങ്കൽ തുകയും., | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിൻെറ വില. | പ്രവൃത്തി തീർക്കേണ്ട കാലാവധി. | കരാറുകാരൻെറ വിഭാഗം |
|---|---|---|---|---|---|---|
| 1 | 1 | മോഡേണൈസേഷൻ ഓഫ് ഹൈഡ്രോളജി സിവിൽ വർക്ക്സ് ഫോർ ഇൻസ്റ്റാലിംഗ് എഫ്.സി.എസ് മാന്വൽ ഇൻസടുമെന്റ് അറ്റ് ഷേണി അണ്ടർ ഹൈഡ്രോളജി സെക്ഷൻ കാസർഗോഡ്-2019-20 | 4800 | 500+ ജി എസ് ടി | 2മാസം | ഡി ക്ളാസ്സും അതിനു മുകളിലും |

ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന തീയതി - 17/08/2020 ഉച്ചക്ക് 1 മണി വരെ.

ദർഘാസുകൾ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതി 24/08/2020 വൈകുന്നേരം 3 മണി വരെ.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും 24/08/2020 വൈകുന്നേരം 3.30 മണിക്ക്.

ദർഘാസ്ഫോറങ്ങളും മറ്റ് വിവരങ്ങളും ഹൈഡ്രോളജി. സബ് ഡിവിഷൻ, തലശ്ശേരി അറ്റ് കൂത്തുപറമ്പ കാര്യാലയത്തിൽ നിന്നും ദർഘാസ് പ്രമാണത്തിൻെറ വിലയും വിൽപ്പന നികുതിയും അടച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കി രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിൻെറ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസ്പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല. കേരള പൊതുമരാമത്ത് /ജലവിഭവവകുപ്പിലെ ദർഘാസിനെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിനൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്യേണ്ടതും നിരതദ്രവ്യം ഡെപ്യൂട്ടി ഡയരക്ടറുടെ പേരിൽ പണയപ്പെടുത്തിയതുമായിരിക്കണം. ടെണ്ടറുകൾ തപാൽ മാർഗ്ഗം മാത്രമേ സ്വീകരിക്കുകയുള്ളു, കൊറിയർ സർവീസിൽ അയയ്ക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ്സുകൾ നീട്ടിവെയ്ക്കുവാനും, റദ്ദാക്കുവാനുമുള്ള അധികാരം ഡെപ്യൂട്ടി ഡയരക്ടറിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകൾ തുറക്കുന്ന ദിവസം 24/08/2020 വൈകുന്നേരം 3.30 മണിക്ക് ഹാജരുള്ള കരാറുകാരുടെയൊ അവർ രേഖാമൂലം

അധികാരപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയൊ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസ് ഫേം പിരീഡ് ദർഘാസ് തുറക്കുന്ന ദിവസം മുതൽ 2 മാസമായിരിക്കും. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കട്ടിവെയ്ക്കാത്തതുമായ ദർഘാസ്സുകൾ നിരസിക്കുന്നതാണ്. 1989ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8 (2) വകുപ്പനുസരിച്ച് പ്രവർത്തികൾ പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചിലവിൻെറ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ്പ്രമാണങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോ പൂരിപ്പിച്ച് സമർപ്പിക്കുന്ന ദർഘാസ്പ്രമാണങ്ങളോ യാതൊരു കാരണവും കാണിക്കാതെ തന്നെ നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസ്സുകളുടെ സൂക്ഷ്മ പരിശോധനയിൽ ദേശീയ സുരക്ഷയ്ക്കും പ്രതിരോധത്തിനും പ്രത്യേക പരിഗണന നൽകുന്നതാണ്.

എന്ന് വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയരക്ടർ
കേരള ഗവർണർക്കു വേണ്ടി

ഹൈഡ്രോളജി സബ് ഡിവിഷൻ,
തലശ്ശേരി - 670643 (0490- 2360033)
തിയതി : 07/08/2020

പകർപ്പ്.

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹൈഡ്രോളജി ഡിവിഷൻ, തൃശ്ശൂർ.

2) സൂപ്രിംഗ് എഞ്ചിനീയർ, ഫീൽഡ് സ്റ്റഡീസ് സർക്കിൾ ഓഫീസ്, തൃശ്ശൂർ

3) അസിസ്റ്റൻ്റ് ഡയരക്ടർ, ഹൈഡ്രോളജി സെക്ഷൻ തലശ്ശേരി, എന്നിവരുടെ അറിവിലേക്കായി അയക്കുന്നു

4) ഈ ഓഫീസിലെ ഹെഡ് ക്ളാർക്ക്,ഡി.2.സെക്ഷൻ/ ഡെപ്യൂട്ടി ഡയരക്ടറുടെ ടേബിൾ,

5) നോട്ടീസ് ബോർഡ്.

6) അസിസ്റ്റൻ്റ് ഡയരക്ടർ, ഹൈഡ്രോളജി സെക്ഷൻ, പയ്യന്നൂർ, എന്നിവരുടെ അറിവിലേക്കായി അയക്കുന്നു

7) അസിസ്റ്റൻ്റ് എഞ്ചിനീയർ, ഹൈഡ്രോളജി സെക്ഷൻ, കാസർഗോഡ് എന്നിവരുടെ അറിവിലേക്കായി അയക്കുന്നു.

8) വില്ലേജ് ഓഫീസ് കൂത്ത്പറമ്പ.

ഡെപ്യൂട്ടി ഡയരക്ടർ